(ബി) പുതിയ പ്രൊപ്പോസൽ എന്തെല്ലാമെന്ന് അറിയിക്കാമോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പെരുവണ്ണാമൂഴി റിസർവോയർ ജലസ്രോതസ്സായിട്ടുള്ള കൊയിലാണ്ടിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതിയിലൂടെ ചക്കിടപ്പാറ കുത്താളി ചങ്ങരോത്ത് എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന ഒന്നാം മേഖല മാത്രമേ കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടുള്ളൂ. വർഷങ്ങൾക്ക് മുമ്പ് സ്ഥാപിച്ച പൈപ്പു ലൈനുകൾ ഇടയ്ക്കിടയ്ക്ക് പൊട്ടുന്നതുകൊണ്ടും ജോയിന്റുകളിൽ ഉപയോഗിച്ച റബ്ബർ റിങ്ങുകൾ ചിതലരിച്ചതുമൂലവും കാലപ്പഴക്കം കൊണ്ടും മറ്റു മേഖലകൾ ഇതുവരെ കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ല. ഈ പദ്ധതിയുടെ പുനരുദ്ധാരണത്തിന് വേണ്ടി ഇരുനൂറ്റി മൂന്ന് ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ വായ്പ ഹഡ്കോയിൽ നിന്നും ലഭിക്കുന്നതിനുവേണ്ട നടപടികൾ എടുത്തു വരുന്നു.

(ബി) പൈപ്പ് ലൈനിലെ ജലത്തിന്റെ മർദ്ദം കുറയ്ക്കാനായി സമ്പ്, ബ്രേക്ക് പ്രഷർ ടാങ്ക് എന്നിവ സ്ഥാപിക്കുവാനും അവിടെ നിന്ന് അനുബന്ധ ജലസംഭരണികളിലേക്ക് വെള്ളം പമ്പ് ചെയ്യുവാനുമുള്ള പ്രവർത്തികളും കൂടുതൽ മർദ്ദം അനുഭവപ്പെടുന്ന സ്ഥലങ്ങളിലെ പൈപ്പ് മാറ്റി സ്ഥാപിക്കുക, കേടായ റബ്ബർ റിങ്ങുകൾ മാറ്റുക, എന്നീ പ്രവർത്തികളാണ് റിഹാബിലിറ്റേഷൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

കുണ്ടറ ജലവിതരണ പദ്ധതിയുടെ പണി

65 (290) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുണ്ടറ ജലവിതരണ പദ്ധതിയുടെ പണി ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) കൊല്ലം ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകൾക്കാണ് പദ്ധതി കൊണ്ടുള്ള പ്രയോജനം ലഭ്യമാക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ ;

(ഡി) പദ്ധതി കഴിവതും വേഗം കമ്മീഷൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുണ്ടറ ജലവിതരണ പദ്ധതിയുടെ പണി ആരംഭിച്ചത് 1986 ജൂൺ മാസത്തിലാണ്.

(ബി) കൊല്ലം ജില്ലയിലെ കുണ്ടറ, പേരയം, കല്ലട, എഴുകോൺ, പവിത്രേശ്വരം, നെടുവത്തൂർ, കുളക്കട എന്നീ ഏഴു പഞ്ചായത്തുകൾക്ക് പ്രയോജനം ലഭ്യമാകുന്നതാണ്.

(സി) ഈ സ്കീമിന്റെ പ്രധാന ജലവാഹിനി കുഴലുകൾ ഭൂരിഭാഗം എ.സി.യും കുറെ ഭാഗം പ്രിമോയും ആയതിനാൽ ലീക്കുകളും പൊട്ടലുകളും താരതമ്യേന കൂടുതലായിരുന്നു. ഇക്കാരണത്താൽ 'ട്രയൽ റൺ' പ്രക്രിയ വളരെ സാവധാനം മാത്രമേ സാധിക്കുന്നുള്ളൂ. വളരെ നേരത്തെ സ്ഥാപിച്ച പൈപ്പുകൾ ആയതിനാൽ പല ജോയിന്റുകളുടെയും റബർ റിംഗുകൾ ചുരുങ്ങി ലീക്ക് ആകുന്നു. അവ നന്നാക്കാതെ മുന്നോട്ട് പോകുവാൻ സാധ്യമാകാതെയാണ് ഇരിക്കുന്നത്. പദ്ധതി പ്രദേശം മുഴുവനായിട്ടും കമ്മീഷൻ ചെയ്യുവാനുള്ള കാലതാമസം ഇതാണ്. ഇപ്പോൾ കുണ്ടറ, പേരയം, ഈസ്റ്റ് കല്ലട, നെടുവത്തൂർ, പവിത്രേശ്വരം എന്നീ പഞ്ചായത്തുകളിൽ സ്ഥാപിച്ചിട്ടുള്ള 219 പൊതു ടാപ്പുകളിലൂടെ ജലവിതരണം നടത്തുന്നുണ്ട്. ഈ പദ്ധതിയുടെ 98 ശതമാനം പണികളും തീർന്നു. ഈ സ്കീമിന്റെ ഒന്നാം മേഖലയിൽപ്പെട്ട കുളക്കട പഞ്ചായത്തിലേക്ക് പോകേണ്ട പ്രധാന പൈപ്പുലൈൻ കൊട്ടാരക്കരയിലെ റെയിൽവേ മേൽപാലത്തിന് മുകളിൽ കൂടി പോകേണ്ടതിനാൽ മേൽപാലത്തിന്റെ ജോലികൾ റെയിൽവേ യെത്തന്നെ ഏല്പിച്ചിരിക്കുകയാണ്. പ്രസ്തുത പണി റെയിൽവേ ആറുമാസം കൊണ്ട് പൂർത്തീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

തിരൂരങ്ങാടി-പരപ്പനങ്ങാടി വള്ളിക്കുന്ന് സംയോജിത ശുദ്ധജല പദ്ധതി

66 (291) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി-പരപ്പനങ്ങാടി-വള്ളിക്കുന്ന് സംയോജിത ശുദ്ധജല പദ്ധതിയുടെ വികസനത്തിനായി സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്ത് ;

(സി) തിരൂരങ്ങാടി മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി തിരൂരങ്ങാടി-പരപ്പനങ്ങാടി-വള്ളിക്കുന്ന് സംയോജിത ശുദ്ധജല പദ്ധതിയുടെ വികസനം ത്വരിതപ്പെടുത്തുന്നതിന് അടിയന്തിര നടപടി സർക്കാർ കൈക്കൊള്ളുമോ ;

(ഡി) ഈ പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാണ് സർക്കാർ പ്രതീക്ഷിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly